## കേരള സർക്കാർ

## സംഗ്രഹം

നികുതി വകുപ്പ് - എക്സൈസ് - ഭരണപരം - BW1(A) ലൈസൻസ് പള്ളിപ്പുറം - ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ എന്നീ തസ്തികകൾ താൽക്കാലികമായി ഒരു വർഷത്തേക്ക് സൃഷ്ടിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (എഫ്) വകുപ്പ്**

**സ.ഉ (കൈ) നം.27/2019/നി.വ** **തീയതി, തിരുവനന്തപുരം,13.06.2019**

പരാമർശം: - 1. എക്സൈസ് കമ്മീഷണറുടെ 06.12.2018, 01.03.2019 എന്നീ തീയതികളിലെ എക്സ്.സി3/2737/2018 നമ്പർ കത്തുകൾ.

**ഉത്തരവ്**

പള്ളിപ്പുറം സി.ആർ.പി.എഫ് ക്യാമ്പിൽ പുതിയ BW1(A) ലൈസൻസ് അനുവദിക്കുന്നതിന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ എന്നീ കേഡറുകളിൽ ഓരോ തസ്തികകൾ വീതം സൃഷ്ടിക്കുന്നതിന് എക്സൈസ് കമ്മീഷണർ പരാമർശ കത്തുകൾ പ്രകാരം ശുപാർശ സമർപ്പിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പള്ളിപ്പുറം സി.ആർ.പി.എഫ് ക്യാമ്പിൽ അനുവദിച്ചിട്ടുള്ള BW1(A) ലൈസൻസ് ക്യാന്റീനിൽ നിയമിക്കുന്നതിനു വേണ്ടി ഒരു ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ഒരു പ്രിവന്റീവ് ഓഫീസർ, ഒരു സിവിൽ എക്സൈസ് ഓഫീസർ എന്നീ താൽക്കാലിക തസ്തികകൾ, ബന്ധപ്പെട്ട സ്ഥാപനം Cost of Establishment അടയ്ക്കുന്ന തുകയും നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ശമ്പളം, പെൻഷൻ വിഹിതം, അലവൻസുകൾ, ലീവ് സറണ്ടർ എന്നിവ ഉൾപ്പെടെയുള്ള തുക തമ്മിൽ മൂന്നു മാസത്തിൽ ഒരിക്കൽ reconcile ചെയ്യേണ്ടതാണെന്നും actual cost സ്ഥാപനം അടയ്ക്കുന്നതിനു വിധേയമായി മാത്രമേ തുടർ ശമ്പള ബില്ലുകൾ പാസ്സാക്കി നൽകാവൂ എന്ന വ്യവസ്ഥയിലും ഒരു വർഷത്തേക്ക് സൃഷ്ടിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
**ഡോ. ആഷ തോമസ് ഐ.എ.എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

1). അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്-ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
2). സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (with C.L)
3). എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
4). പൊതുഭരണ (എസ്.സി) വകുപ്പ്
5). ധനകാര്യ വകുപ്പ് (എക്സ്.പി.എ 1/13/19-ധന. തീയതി 28.02.2019)
6). വെബ് ആന്റ് ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7). കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ